പഠിപ്പിക്കാനുമുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത് പ്രാർത്ഥനാഗീതത്തിന്റെ കാര്യമാണ്. ഇപ്പോൾ ഏതെങ്കിലും ഒരു പ്രാർത്ഥനാഗീതം വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സ്വീകരിക്കുന്ന കാര്യം ഗവൺമെന്റ് ആലോചിച്ചിട്ടില്ലെന്ന് അറിയിക്കാൻ ആഗ്രഹിക്കുകയാണ്.

14. ബാലനീതി നിയമം

<u>ശ്രീ. പി. ടി. എ. റഹീം</u> : സർ, ബാലനീതി നിയമവും ഓർഫനേജ് ആന്റ് അദർ ചാരിറ്റബിൾ ഇൻസ്റ്റിറ്റ്യൂഷൻ നിയമവും രണ്ട് കേന്ദ്ര നിയമങ്ങളാണ്. തികച്ചും രണ്ട് ആവശ്യങ്ങൾക്കുവേണ്ടിയാണ് പാർലമെന്റ് ഈ രണ്ട് നിയമ നിർമ്മാണങ്ങളും നടത്തിയിട്ടുള്ളത്. ഏതെങ്കിലും ഒരു നിയമമനുസരിച്ച് സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്താൽ മതിയെന്നാണ് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സൃഷ്ടീകരണം നൽകിയിരുന്നത്. അന്യസംസ്ഥാനങ്ങളിൽ നിന്നും ഓർഫനേജുകളിലേക്ക് കുട്ടികളെ കൊണ്ടുവരുന്നതുമായി ബന്ധപ്പെട്ട ഒരു കേസിന്റെ വിധിയിൽ ബഹുമാനപ്പെട്ട ഹൈക്കോടതി പറയുന്നത് ബാലനീതി നിയമത്തിന്റെകൂടി അടിസ്ഥാനത്തിൽ ഓർഫനേജുകൾ രജിസ്റ്റർ ചെയ്യണമെന്നാണ്. ഇത് ഗുരുതരമായ ഭവിഷ്യത്ത് ഉണ്ടാക്കുന്നതാണ്. മാത്രമല്ല 18 വയസ്സിനു താഴെയുള്ള കുട്ടികളെ താമസിപ്പിക്കുന്ന ഏതൊരു സ്ഥാപനവും ബാലനീതി നിയമത്തിൽ കൂടി രജിസ്റ്റർ ചെയ്യണമെന്നാണ് ബഹുമാനപ്പെട്ട ഹൈക്കോടതി വിധിയിൽ പറയുന്നത്. നമ്മുടെ നാട്ടിൽ നിരവധി സെമിനാരികൾ, പള്ളികളിൽ നടക്കുന്ന പഠനകേന്ദ്രങ്ങൾ, ഖുർ-ആൻ മനഃപാഠമാക്കുന്ന കേന്ദ്രങ്ങൾ ഇവിടങ്ങളിലൊക്കെ 18 വയസ്സിനു താഴെ പ്രായമുള്ള കുട്ടികളെ താമസിപ്പിച്ച് പഠിപ്പിച്ചുകൊണ്ടിരിക്കുന്നതാണ്. മണ്ണാർക്കാട് ദാറുൽ ഫുർഖാൻ എന്ന സ്ഥാപനം അടച്ചുപൂട്ടിയിരിക്കുകയാണ്. അതേയവസരത്തിൽ പള്ളി ദർസുകൾക്കോ 18 വയസ്സു വരെ വിദ്യാഭ്യാസം നൽകുന്ന സെമിനാരികൾക്കോ അതുപോലെയുള്ള സ്ഥാപനങ്ങൾക്കോ ലൈസൻസ് നൽകുവാൻ സർക്കാർ ഒരു അധികാര സ്ഥാപനത്തെ നിശ്ചയിച്ചിട്ടില്ല. ആ ഒരു സാഹചര്യത്തിൽ ഇത്തരം സ്ഥാപനങ്ങൾ നടത്തിക്കൊണ്ടുപോകുവാൻ പ്രയാസമനുഭവിക്കുന്നുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ബഹുമാനപ്പെട്ട ശ്രീമതി ടീച്ചർ പുറപ്പെടുവിച്ച ഓർഡറാണ് ഇപ്പോൾ ബഹുമാനപ്പെട്ട ഹൈക്കോടതി റദ്ദ് ചെയ്തിട്ടുള്ളത്. അതിനെതിരെ ഗവൺമെന്റ് അപ്പീൽ പോകണമെന്നതാണ് എന്റെ ആവശ്യം. ഇല്ലെങ്കിൽ ഈ രാജ്യത്തെ അനാഥാലയങ്ങൾ അടച്ചുപൂട്ടേണ്ട ഗുരുതരമായ സാഹചര്യമുണ്ടാകും. കേന്ദ്ര ഗവൺമെന്റ് രണ്ട് ആവശ്യങ്ങൾക്കു വേണ്ടിയാണ് ഈ രണ്ട് നിയമങ്ങളുണ്ടാക്കിയത്. അത് ഒരുപാട് നിയമജ്ഞരുമായി ആലോചിച്ചുണ്ടാക്കിയ നിയമമാണ്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധാന്തി കാണിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ) : സർ, ഓർഫനേജുകളെയും അവിടെ താമസിക്കുന്ന കുട്ടികളെയും സംബന്ധിച്ച വിധിയാണ് പ്രസ്തുത കേസിൽ WP(C)No.14259/14/146057, 23875/14, 15844/15 പ്രകാരം പുറപ്പെടുവിച്ചിട്ടുള്ളത്. പള്ളി ദർസുകളും, ഖുർ-ആൻ കോളേജുകളും പോലെയുള്ള മത സ്ഥാപനങ്ങളുടെ വിഷയം ഈ കേസിൽ പരിഗണിക്കുകയോ ഇതു സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിക്കുകയോ ചെയ്തിട്ടില്ല. കെയർ ആന്റ് പ്രൊട്ടക്ഷനുവേണ്ടി 18 വയസ്സിനു താഴെയുള്ള കുട്ടികളെ പാർപ്പിക്കുന്ന സ്ഥാപനങ്ങളും ഓർഫനേജുകളും ജുവനൈൽ ജസ്റ്റിസ് ആക്ടിൽ രജിസ്റ്റർ ചെയ്യണമെന്ന ജുവനൈൽ ജസ്റ്റിസ് ആക്ട് സെക്ഷൻ 34(3)-ലെ വ്യവസ്ഥ നടപ്പിലാക്കണമെന്നാണ് കോടതി നിർദ്ദേശിച്ചിട്ടുള്ളത്. ഓർഫനേജ് ആക്ടിൽ 'ഹോം' എന്ന് നിർവ്വചിച്ചിരിക്കുന്നത് കെയർ, പ്രൊട്ടക്ഷൻ, വെൽഫെയർ എന്നിവയ്ക്കുവേണ്ടി കുട്ടികളെ പാർപ്പിക്കുന്ന സ്ഥാപനമെന്നാണ്. ഇത്തരം സ്ഥാപനങ്ങളിലെ പ്രവേശനത്തിന്റെ മാനദണ്ഡം കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിച്ചിട്ടുള്ള കുടുംബ വാർഷിക വരുമാനമാണ്. ഗവൺമെന്റ് ഉത്തരവ് പ്രകാരം അനാഥാലയങ്ങളിൽ പ്രവേശനത്തിനുള്ള വാർഷിക വരുമാന പരിധി ഒരു ലക്ഷം രൂപയാണ്. ജെ.ജെ. ആക്ടിന്റെ സെക്ഷൻ 2(d)-യിൽപ്പെടുന്ന കുട്ടികളെ പാർപ്പിക്കുന്ന സ്ഥാപനങ്ങളെമാത്രം ജെ.ജെ. ആക്ടിൽ രജിസ്റ്റർ ചെയ്താൽ മതിയെന്നും മറ്റു കുട്ടികളെ പാർപ്പിക്കുന്ന സ്ഥാപനങ്ങളെ ഓർഫനേജ് ആക്ടിൽ രജിസ്റ്റർ ചെയ്താൽ മതിയെന്നും 10-2-2010-ൽ എസ്.ജെ.ഡി. പ്രകാരം മുൻ സർക്കാർ പുറപ്പെടുവിച്ച ഉത്തരവനുസരിച്ച് സ്ഥാപനങ്ങൾ പ്രവർത്തിക്കാവുന്നതാണെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതിയെ സർക്കാർ അറിയിച്ചിരുന്നതുമാണ്. ഓർഫനേജ് ആക്ടിൽ കെയർ ആന്റ് പ്രൊട്ടക്ഷൻ എന്നത് പ്രത്യേകം നിർവ്വചിക്കുന്നില്ല. എന്നാൽ ജെ.ജെ. ആക്ടിൽ child in need of care and protection ഏത് വിഭാഗത്തിൽപ്പെടുന്നതാണെന്ന് section 2(d)-യിൽ നിർവ്വചിച്ചിരിക്കുന്നു. ഇപ്രകാരം നിർവ്വചിച്ചിരിക്കുന്നതാണ് സർക്കാർ ഈ നിലപാടിൽ സ്വീകരിച്ചത്. എന്നാൽ ഓർഫനേജ് ആക്ടിലെ care protection welfare-ഉം JJ Act-ലെ child in need of care and protection എന്നതും ഒന്നുതന്നെയാണെന്ന നിലയിലാണ് കോടതി വിധി വന്നിട്ടുള്ളത്. 16-12-2013-ൽ ബഹുമാനപ്പെട്ട സുപ്രീം കോടതി പുറപ്പെടുവിച്ച ഉത്തരവിൽ അംഗീകാരമില്ലാത്ത സ്ഥാപനങ്ങൾ അടച്ചുപൂട്ടുന്നതിന് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ മണ്ണാർക്കാട് ദാറുൽ ഫുർഖാൻ എന്ന സ്ഥാപനം 17-2-2014-ൽ പാലക്കാട് ജില്ലാ കളക്ടർ അടച്ചുപൂട്ടുകയുണ്ടായി. തുടർന്ന് 2-3-2015-ൽ ഈ സ്ഥാപനം അംഗീകാരത്തിനുവേണ്ടി ഓർഫനേജ് കൺട്രോൾ ബോർഡിൽ

LIBRARY ARCHIVES Kerala Legislative Assembly

അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഈ സ്ഥാപനത്തിന് അംഗീകാരം കൊടുക്കുന്നതിനെ എതിർത്തുകൊണ്ട് സമീപത്ത് അംഗീകാരത്തോടെ പ്രവർത്തിക്കുന്ന ബീരാൻ ഔലിയ ഗേൾസ് ഓർഫനേജ്, ബോർഡിൽ പരാതി സമർപ്പിച്ചിട്ടുണ്ട്. ഇക്കാര്യത്തിലുള്ള അന്വേഷണം ജില്ലയുടെ ചാർജ്ജുള്ള ബോർഡ് അംഗത്തിന്റെ പരിഗണനയിലാണ്. WP(C)No.14256 പ്രകാരം ബഹുമാനപ്പെട്ട ഹൈക്കോടതി 6-7-2005-ൽ പുറപ്പെടുവിച്ചിട്ടുള്ള വിധിന്യായം സംബന്ധിച്ച് ഉത്തരവ് സർക്കാരിന് ലഭിച്ചിട്ടേയുള്ളൂ. ഒ.സി.ബി.യും സർക്കാരിന്റെ ഭാഗമാണ്. അങ്ങും ഒ.സി.ബി.-യിലെ അംഗമാണ്. ഒ.സി.ബി. കൂടി ഇതിനെക്കുറിച്ച് എന്തുകൊണ്ട് ചർച്ച ചെയ്യുന്നില്ല. ഒ.സി.ബി.-ക്ക് ഇതിൽ നിലപാട് എടുക്കാവുന്നതാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം സുപ്രീം കോടതിയിൽ കൊടുത്തിട്ടുള്ള അഫിഡവിറ്റിൽ ഡബിൾ രജിസ്ട്രേഷൻ ആവശ്യമില്ലെന്നുള്ള നിലപാടാണ് സുപ്രീം കോടതിയിൽ നിന്നും വന്നിട്ടുള്ളത്. സർക്കാരിന്റെ ഭാഗമാണ് ഒ.സി.ബി. എന്നുള്ളതുകൊണ്ട് ഒ.സി.ബി. കൂടുമ്പോൾ ഇതിനെക്കുറിച്ച് ആലോചിക്കുന്നതാണ്. ഏതായാലും ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് നിയമ വകുപ്പുമായും അഡ്വക്കേറ്റ് ജനറലുമായും കൂടി ആലോചിച്ച് ഇതിൽ അപ്പീൽ പോകേണ്ടതുണ്ടോ എന്നുള്ളതിനെക്കുറിച്ചുള്ള തീരുമാനമെടുത്തശേഷം സഭയെ അറിയിക്കുന്നതാണ്.

ശ്രീ. പി. റ്റി. എ. റഹീം : സർ, സർക്കാർ നേരത്തെ പുറപ്പെടുവിച്ച ഉത്തരവാണ് ക്യാൻസൽ ചെയ്തത്. അപ്പോൾ സർക്കാരല്ലേ അപ്പീൽ പോകേണ്ടത് ?

ഡോ. എം. കെ. മുനീർ : സർ, ഒ.സി.ബി.-യും ഗവൺമെന്റിന്റെ ഭാഗമാണ്. എന്തുകൊണ്ട് ഒ.സി.ബി. ചേർന്ന് ഡിസിഷൻ എടുക്കുന്നില്ല എന്നുള്ള ചോദ്യമാണ് എനിക്ക് ചോദിക്കാനുള്ളത്. അങ്ങും ഇതിന്റെ ഭാഗമാണ്. അങ്ങ് കൂടി ആലോചിക്കേണ്ട കാര്യമാണ്.

15. കാലോചിതമായി ശമ്പളം വർദ്ധിപ്പിക്കൽ

ശ്രീ. സി. പി. മുഹമ്മദ് : സർ, കേരളത്തിലെ ആയിരക്കണക്കിന് അംഗനവാടി ടീച്ചർമാരുടെയും ആയമാരുടെയും ശമ്പളം കാലോചിതമായി വർദ്ധിപ്പിക്കേണ്ടത് ആവശ്യമാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമാണ് വളരെ കുറവായിരുന്ന ഇവരുടെ ശമ്പളം 5000 രൂപയിൽ എത്തിക്കാൻ സാധിച്ചത്. അംഗനവാടികളിലെ ജോലികൾ മാത്രമല്ല, വിവിധ സെൻസസുകൾ, പ്രതിരോധ കുത്തിവെയ്പുകളടക്കം ധാരാളം അനുബന്ധ ജോലികൾ ഇവർ ചെയ്യുവരുന്നുണ്ട്. ടീച്ചർമാർക്ക് ഇപ്പോൾ 5000 രൂപയും ആയമാർക്ക് 3000 രൂപയുമാണ് നൽകി

LIBRARY ARCHIVES Kerala Legislative Assembly